# Deepika
# 11 July 2018
# Aroor, Ezhupunna, Heavy Rain, Roads were Damaged

## കനത്ത മഴയിൽ റോഡുകൾ തകർന്നു

**അരൂർ/എഴുപുന്ന:** തുടർച്ചയായി പെയ്യുന്ന കനത്ത മഴയിലും വെള്ളക്കെട്ടിലും നൂറോളം റോഡുകൾ കുളമായി. എഴുപുന്ന, എരമല്ലൂർ, അരൂർ, ചന്തിരൂർ മേഖലയിലെ നൂറോളം റോഡുകളാണ് തകർന്നിട്ടുള്ളത്. ചെമ്മണ്ണ് വിരിച്ചിട്ടുള്ള റോഡുകളിൽ ചെളി നിറഞ്ഞു കാൽനടയാത്രക്കാർക്ക് പോലും സഞ്ചരിക്കാൻ കഴിയാത്ത സ്ഥിതിയാണ്.

ടയറുകൾ താഴ്ന്നു പോകുന്നതിനാൽ പല സ്കൂൾ ബസുകളും ഇതുവഴിയുള്ള യാത്ര ഒഴിവാക്കിയിരിക്കുകയാണ്. സ്വകാര്യ ബസുകൾ സർവീസ് നടത്തുന്ന എരമല്ലൂർ-എഴുപുന്ന റോഡും കുണ്ടും കുഴിയുമായിരിക്കുകയാണ്. വെള്ളക്കെട്ടിൽ വീഴുന്ന ഇരുചക്രവാഹനങ്ങൾ നിരവധിയാണ്. പൊതുമരാമത്തിന്റെ കീഴിലുള്ള റോഡ് നന്നാക്കണമെന്ന് ആവശ്യപ്പെട്ട് ബസ് പാസഞ്ചേഴ്സ് അസോസിയേഷൻ പ്രസിഡന്റ് അനിൽ കുഴുവേലിയുടെ നേതൃത്വത്തിൽ പരാതി നൽകി. ചന്തിരൂർ അറബിക് കോളജ് റോഡ്, എരമല്ലൂർ കുടപുറം റോഡ്, അരൂർ കെൽട്രോൺ, അരൂക്കുറ്റി മത്താനം, പള്ളിയറക്കാവ് കോട്ടപ്പുറം എന്നീ റോഡുകൾ സഞ്ചാരയോഗ്യമല്ലാത്ത നിലയിലാണ്.

## കെട്ടിടം തകർന്നു വീണു

**പള്ളുരുത്തി:** നൂറു വർഷത്തിലേറെ പഴക്കമുള്ള കെട്ടിടം കാറ്റിലും മഴയിലും തകർന്നു വീണു. മട്ടാഞ്ചേരി ബസാർ റോഡിൽ സ്ഥിതി ചെയ്യുന്ന ഖദീജ ഭായി ട്രസ്റ്റിന്റെ കെട്ടിടമാണ് ചൊവ്വാഴ്ച്ച വൈകിട്ട് മൂന്നോയെ തകർന്നു വീണത്. സ്വകാര്യ ക്ലബ് വാടകയ്ക്ക് എടുത്തിരുന്നതാണ് കെട്ടിടം.